# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.783 13.6.2012-ൽ മറുപടിയ്ക്ക്

## പുറത്തൂർ, തൃപ്രങ്ങോട്, മംഗലം പഞ്ചായത്തുകളിൽ വാട്ടർ അതോറിറ്റിയുടെ സർവ്വെ

| ചോദ്യം<br>ഡോ. കെ.ടി.ജലീൽ | | മറുപടി<br>ശ്രീ. പി.ജെ ജോസഫ്<br>ജലവിഭവ വകുപ്പുമന്ത്രി | |
|---|---|---|---|
| എ | മലപ്പുറം ജില്ലയിലെ പുറത്തൂർ, തൃപ്രങ്ങോട്, മംഗലം പഞ്ചായത്തുകളിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് വാട്ടർ അതോറിറ്റിയുടെ കീഴിൽ സർവ്വെ നടത്തുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ | ഉണ്ട്. |
| ബി | പ്രസ്തുത സർവ്വെ എന്ന് പൂർത്തിയാക്കി വിശദമായ പ്രൊജക്ട് റിപ്പോർട്ട് സമർപ്പിക്കാനാവുമെന്നാണ് കരുതുന്നത്; | ബി | നാല് മാസത്തിനകം പ്രോജക്ട് റിപ്പോർട്ട് പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| സി. | മേല്പറഞ്ഞ മൂന്ന് പഞ്ചായത്തുകളും ക്വാളിറ്റി ഇഫക്ടഡ് ഏരിയകളാണെന്നുള്ള വിവരം ശ്രദ്ധിച്ചിട്ടുണ്ടോ; | സി | ഉണ്ട്. |
| ഡി | ക്വാളിറ്റി ഇഫക്റ്റഡ് ഏരിയയിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് പ്രത്യേക പദ്ധതികൾ എന്തെങ്കിലും സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; | ഡി | ക്വാളിറ്റി ഇഫക്റ്റഡ് ഏരിയയിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനുവേണ്ടി തയ്യാറാക്കുന്ന പദ്ധതികൾ കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെയുള്ള എൻ.ആർ.ഡി.ഡബ്ല്യൂ.പി പ്രോഗ്രാമിൽ ഉൾപ്പെടുത്തി ഏറ്റെടുക്കുന്നതാണ്. |

| | | |
|---|---|---|
| ഇ | ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ? | ഇ പദ്ധതി തയ്യാറാക്കി സ്റ്റേറ്റ് ലെവൽ സാങ്ഷനിംഗ് കമ്മിറ്റിയുടെ അംഗീകാരത്തോടെ എൻ.ആർ.ഡി.ഡബ്ല്യു.പി പ്രോഗ്രാമിൽ ഉൾപ്പെടുത്തി ഏറ്റെടുക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ